3 (966) സംസ്ഥാനത്തെ വിദേശ നിക്ഷേപം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വിദേശ നിക്ഷേപം എത്ര കോടി രൂപയായിരുന്നു;

(ബി) ഇപ്പോൾ അത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തിന് ലഭിക്കുന്ന നിക്ഷേപ നിർദ്ദേശങ്ങളുടെ അടിസ്ഥാനവിവരങ്ങൾ സൂക്ഷിക്കാറില്ല. നിക്ഷേപങ്ങൾ മിക്കവാറും ധനകാര്യ സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ആഗസ്റ്റ് 91 മുതൽ ജൂൺ 98 വരെ ലഭിച്ച വ്യവസായ നിക്ഷേപ പ്രൊപ്പോസലുകളിൽ കേരളത്തിന്റെ വിഹിതം കേവലം 1.1% മാത്രമാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വിദേശ നിക്ഷേപം എത്ര കോടി ആയിരുന്നു എന്നും ഇപ്പോൾ എത്ര കോടിരൂപയാണെന്നും കൃത്യമായി കണക്കാക്കിയിട്ടില്ല.

4 (967) പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അങ്ങനെ ചെയ്യാത്ത സ്ഥാപന മേധാവികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഷെഡ്യൂൾഡ് ബാങ്കുകളിലും വാണിജ്യ ബാങ്കുകളിലും അക്കൗണ്ട് തുടങ്ങി പണമിടപാട് മുഴുവൻ ആ ബാങ്കുകൾ മുഖേന നടത്താൻ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ അനുവദിച്ചിട്ടുണ്ടോ;

(ഡി) കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിവിധ ജില്ലകളിലെ വ്യത്യസ്ത ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങി ഇടപാട് നടത്താൻ അനുവദിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അങ്ങനെ ചെയ്യുന്ന സ്ഥാപനത്തിനെതിരെ എന്ത് ശിക്ഷണ നടപടി സ്വീകരിക്കാനാണ് വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ മിച്ച/കരുതൽ ഫണ്ടുകൾ സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ നിർദ്ദേശം പാലിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കണമെന്ന കാര്യം സർക്കാർ അപ്പപ്പോൾ തീരുമാനിക്കുന്നതാണ്.

(സി) മിച്ച / കരുതൽ ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കാര്യത്തിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഷെഡ്യൂൾഡ് ബാങ്കുകളിലും വാണിജ്യ ബാങ്കുകളിലും അക്കൗണ്ട് തുടങ്ങി പണമിടപാടുകൾ നടത്താൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമില്ല.

(ഡി) കമ്പനികൾക്ക് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങി ഇടപാട് നടത്തുന്നതിനായി സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമില്ല. എന്നാൽ അവയുടെ മിച്ച/കരുതൽ ഫണ്ടുകൾ ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിർദ്ദേശം പാലിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ശിക്ഷണ നടപടി സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടില്ല.

5 (968) സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്കരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് എത്ര കോടി രൂപയുടെ ബാദ്ധ്യത ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കൂടുതൽ നിർദ്ദേശങ്ങൾ നൽകാൻ രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ ശുപാർശകൾ എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണത്തിന് 904 കോടി രൂപയുടെ വാർഷിക അധിക ബാദ്ധ്യതയുണ്ടാകും.

(ബി) എംപവേർഡ് കമ്മിറ്റി കുറെ ശുപാർശകൾ നൽകി. അതിൻമേൽ സർക്കാർ തീരുമാനവുമെടുത്തു.

6 (969) ബഡ്ജറ്റിലെ റവന്യൂ കമ്മി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-93, 1993-94, 1994-95, 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ വിഭാവന ചെയ്ത റവന്യൂ കമ്മിയും യഥാർത്ഥ റവന്യൂ കമ്മിയും എത്ര വീതമായിരുന്നു;

(ബി) 1999-2000 ലെ റവന്യൂ കമ്മി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly